**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** **27-02-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ ധനവിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകൾക്ക് പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി നൽകുന്ന ബഡ്ജറ്റ് വിഹിതം യഥാസമയം നൽകാത്ത കാരണം സർവകലാശാലകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന് എന്ന തരത്തിലുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശമ്പളത്തിനും മറ്റ് പദ്ധതിയേതര പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക യൂണിവേഴ്സിറ്റികളുടെ തനത് ഫണ്ടിൽ നിന്നും മേൽ ആവശ്യത്തിനായി സർക്കാർ നോൺ പ്ലാൻ വിഹിതമായി വകയിരുത്തുന്ന തുകയിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ശീർഷകങ്ങളുടെ ധനവിനിയോഗ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർവ്വകലാശാലകൾക്ക് പദ്ധതിയേതര വിഹിതം യഥാ സമയങ്ങളിൽ അനുവദിച്ചു നൽകാറുണ്ട്. യൂണിവേഴ്സിറ്റികളുടെ പദ്ധതിയേതര വിഹിതത്തിന്റെ ധനവിനിയോഗ പരിധി 83 % ആയി നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെയുള്ള നിയമനം നടത്തുന്നത് സർവകലാശാലകളുടെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുന്നു എന്നതിനാൽ ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ സർവകലാശാലകൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് കേരള പി.എസ്.സി മുഖേനയും അദ്ധ്യാപക തസ്തികകൾ യൂണിവേഴ്സിറ്റി നേരിട്ടുമാണ് നിയമനം നടത്തി വരുന്നത്. ഇതുകൂടാതെ നിരവധി തസ്തികകളിൽ ധനകാര്യവകുപ്പിന്റെ അനുമതി കൂടാതെ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നിയമനം നടത്തുന്നതായി ശ്രദ്ധയിൽപെടുകയും ആയതിനെതിരെ ധനകാര്യവകുപ്പ് പൊതുനിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ഇനിയും അങ്ങനെ ഉണ്ടാകുന്ന പക്ഷം ആയത് പരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സർവകലാശാലകളിലെ സാമ്പത്തിക വിനിയോഗം പരിശോധിക്കുവാൻ ധനകാര്യ വകുപ്പിന് എന്തെല്ലാം ഓഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്; | (സി) | ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും, ഭരണ വകുപ്പ് ആവശ്യപ്പെടുന്ന വിഷയങ്ങളിലും ഉചിതതലത്തിൽ ഉത്തരവ് എടുത്തശേഷം ഓഡിറ്റ് സ്വഭാവത്തിലല്ലാത്ത പരിശോധനകൾ ധനകാര്യ( പരിശോധനാ -NT) വിഭാഗം സർവ്വകലാശാലകളിൽ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 3(1) ഷെഡ്യൂൾ പ്രകാരമുള്ള ഓഡിറ്റ് സ്ഥാപനങ്ങളിൽ സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളും 5-ാം മതായി ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ടി നിയമത്തിലെ സെക്ഷൻ 4 പ്രകാരം ഓഡിറ്റ് നടന്നുവരുന്നു. സംസ്ഥാനത്തിൽ നിലവിലുള്ള 13 സർവ്വകലാശാലകളിൽ 12 എണ്ണത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കൺകറന്റ് ഓഡിറ്റ് സംവിധാനം പ്രവർത്തിച്ചു വരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ കൺകറന്റ് ഓഡിറ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ സർക്കാർ നിർദ്ദേശം അനുസരിച്ച് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് നിർവ്വഹണത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും മറ്റ് ഓഡിറ്റ് കാര്യാലയങ്ങളിൽ നിന്ന് താത്കാലികമായി ജീവനക്കാരെ പുനർ വിന്യസിച്ച് ടി സർവ്വകലാശാലയുടെ 2020-21,2021-22 വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റ് നിർവ്വഹണം ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഏജൻസികളുടെ പരിശോധനയെ തുടർന്നുന്നയിക്കപ്പെടുന്ന തടസ്സവാദങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ധനകാര്യ(പരിശോധനാ - NT) വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പായതിനാൽ അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറുന്നു. പരിശോധനാ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ഭരണ വകുപ്പിന് ഓർമ്മക്കുറിപ്പുകൾ നൽകുകയും ചെയ്തുവരുന്നു.<br><br>കൂടാതെ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാകുന്ന പരിശോധനാ റിപ്പോർട്ടുക ളിന്മേൽ1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 13 കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 എന്നിവയ്ക്കനുസൃതമായ തുടർനടപടികൾ ആണ് സ്വീകരിച്ച് വരുന്നത്. എന്നാൽ ടി ആക്ടും റൂളും നിലവിൽ വന്നതിനുശേഷം രൂപീകൃതമായ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഓഡിറ്റ് തുടർ നടപടികൾ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ